# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3767 — 23/08/2017-ൽ മറുപടിക്ക്

## പമ്പാവാലിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

| | ചോദ്യം<br><br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പെരുനാട് പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ പമ്പാവാലിയും, എരുമേലി പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ മുക്കൂട്ടുതറ, മുട്ടപ്പലം, എയ്ഞ്ചൽ വാലി പ്രദേശങ്ങളുമുൾപ്പെടുത്തി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; | (എ) | നിലവിലുള്ള എരുമേലി ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് എരുമേലി സെക്ഷന്റെ കിഴക്കൻ മേഖലയിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തി കണമല/ മുക്കൂട്ടുത്തറ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. പമ്പാവാലി കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഒന്നും നിലവിൽ ഇല്ല. |
| (ബി) | എരുമേലി ഇലക്ട്രിക്കൽ സെക്ഷൻ പരിധി വളരെ വിശാലമായതു കാരണവും ജീവനക്കാരുടെ അപര്യാപ്തത മൂലവും മലയോര മേഖലയിലെ ജനങ്ങൾക്ക് വൈദ്യുതി മുടക്കം അടക്കമുള്ള വിഷയങ്ങൾ സമയബന്ധിതമായി പരിഹരിച്ചു കിട്ടുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഈ പ്രശ്നങ്ങൾക്ക് പരിഹാരമാവും വിധം പമ്പാവാലി കേന്ദ്രീകരിച്ച് ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രി |

(...2)

| | | | |
|---|---|---|---|
| | | | ക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ ഓഫീസുകൾ അനുവദിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ഇതിനാൽ കണമല/ മുക്കുട്ടുത്തറ/പമ്പാവാലി കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുനക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകുന്നത്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ